(5) മഅ്ദനി അനുഭവിക്കുന്ന പ്രയാസങ്ങൾ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: 1998 മാർച്ച് മാസത്തിൽ കോഴിക്കോട് കസബ പോലീസ് ചാർജ് ചെയ്ത ഒരു കേസിൽ അറസ്റ്റിലായ പി.ഡി.പി. ചെയർമാനും മതപണ്ഡിതനുമായ അബ്ദുൾ നാസർ മഅ്ദനിയെ തമിഴ്നാട് പോലീസ് ചാർജ് ചെയ്ത ഏതാനും കേസുകളിലേക്കായി 1998 ഏപ്രിൽ 13-ന് തമിഴ്നാട് പോലീസിന് കൈമാറുകയുണ്ടായി. അന്നു മുതൽ ഇന്നുവരെ യാതൊരു വിചാരണയും കൂടാതെ അദ്ദേഹം ജയിലിൽ കിടക്കുകയാണ്. കഴിഞ്ഞ ബലി പെരുനാൾ അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ജയിലിലെ ഏഴാമത്തെ ബലിപെരുനാളായിരുന്നു. കടുത്ത പ്രമേഹവും രക്തസമ്മർദ്ദവുമുള്ള മഅ്ദനി, ഒരു വികലാംഗൻ കൂടിയാണ്. അദ്ദേഹത്തിന് ശരിയായ ചികിൽസയും പരിചരണവും ലഭിക്കുന്നില്ല. മാത്രമല്ല ജയിലധികൃതരും തമിഴ്നാട് പോലീസും അദ്ദേഹത്തിന്റെ വികാരങ്ങളെ വ്രണപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, കോയമ്പത്തൂർ ബോംബ് സ്ഫോടന കേസുമായി ബന്ധപ്പെട്ട് ശ്രീ. അബ്ദുൽ നാസർ മഅ്ദനി 31-3-1998 മുതൽ കോയമ്പത്തൂർ സെൻട്രൽ ജയിലിൽ വിചാരണ തടവുകാരനായി കഴിയുകയാണ്. അന്യസംസ്ഥാനത്തെ കേസ് ആയതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് ഇടപെടാൻ പരിമിതികളുണ്ട്. എങ്കിലും മഅ്ദനിക്ക് ജയിലിൽ നേരത്തെ ഉണ്ടായിരുന്ന സൗകര്യങ്ങൾ പുനഃസ്ഥാപിക്കുന്നതിനും രോഗ ചികിൽസയ്ക്കും മറ്റും ഉതകുന്ന വിധത്തിൽ ജയിൽ മോചനം ലഭ്യമാക്കുന്നതിനും കേരള സർക്കാരിന്റെ ഭാഗത്തുനിന്നും നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് മഅ്ദനിയുടെ ഭാര്യ ശ്രീമതി സുഫിയാ മഅ്ദനി മുഖ്യമന്ത്രിക്ക് സമർപ്പിച്ച ഒരു നിവേദനം പരിഗണനയ്ക്കായി തമിഴ്നാട് സർക്കാരിന് അയച്ചുകൊടുത്തിട്ടുണ്ട്. കാലതാമസം ഒഴിവാക്കുന്നതിന് മഅ്ദനിക്ക് എതിരെ സംസ്ഥാനത്ത് ഉണ്ടായിരുന്ന 32 കേസുകളും ഒരേ കോടതിയിൽ വിചാരണ ചെയ്യുന്നതിന് നടപടി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

V. ഗവർണ്ണറുടെ സന്ദേശം

മി. സ്പീക്കർ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 15-ാം ചട്ടത്തിന്റെ 7-ാം ഉപചട്ടപ്രകാരം ഗവർണ്ണറുടെ മറുപടി ഞാൻ സഭയെ അറിയിക്കുന്നു. "I thank the Eleventh Kerala Legislative Assembly for the Motion of Thanks adopted by its Seventh Session on my address to the Assembly on 15th January, 2004".

VI. നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കാൻ അനുവാദം

നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കാൻ ശ്രീമതി മേഴ്സി രവിക്ക് അനുവാദം നൽകുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ഓർഡർ,.....ഓർഡർ,..... ശ്രീമതി മേഴ്സി രവി നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 170 അനുസരിച്ച് സഭയിൽ ഹാജരാകാതിരിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ടുകൊണ്ട് ഒരു അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷ ഞാൻ വായിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

'ആരോഗ്യപരമായ കാരണങ്ങളാൽ സഭയുടെ ഇപ്പോൾ നടക്കുന്ന സമ്മേളനത്തിൽ പങ്കെടുക്കുവാൻ കഴിയാത്ത വിവരം അറിയിച്ചുകൊള്ളുന്നു. ഈ അപേക്ഷ പരിഗണിച്ച് അവധി അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.'

ശ്രീമതി മേഴ്സി രവിക്ക് ഈ സമ്മേളനം അവസാനിക്കുന്നതുവരെ സഭയിൽ ഹാജരാകാതിരിക്കുന്നതിന് അനുവാദം നൽകുന്നതിന് സമ്മതമാണോ?

(സഭാംഗങ്ങൾ കൈകൾ ഉയർത്തി സമ്മതം പ്രകടിപ്പിച്ചു.)

മി. സ്പീക്കർ: ഈ സമ്മേളനം അവസാനിക്കുന്നതുവരെ സഭയിൽ ഹാജരാകാതിരിക്കുന്നതിന് ശ്രീമതി മേഴ്സി രവിക്ക് അനുവാദം നൽകിയിരിക്കുന്നു.

VII. പരാമർശം

(i) ബി.എഡ്. കോളേജുകൾ അനുവദിച്ചതു സംബന്ധിച്ച്

ശ്രീ. മത്തായി ചാക്കോ: സർ, ബി. എഡ്. കോളേജുകൾ അനുവദിച്ചത് സംബന്ധിച്ച് ഈ നിയമസഭയിൽ ഉയർന്നുവരുന്ന പ്രശ്നങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ നൽകിയ മറുപടി ഈ സഭയെ പൂർണ്ണമായും തെറ്റിദ്ധരിപ്പിക്കത്തക്ക രൂപത്തിലാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി നാലകത്ത് സൂപ്പിയും ബഹുമാനപ്പെട്ട മരാമത്ത് വകുപ്പുമന്ത്രി ഡോ. എം. കെ. മുനീറും ഉൾപ്പെട്ടിട്ടുള്ള ട്രസ്റ്റ് രജിസ്റ്റർ ചെയ്ത.....

മി. സ്പീക്കർ: ഇപ്പോൾ ലിസ്റ്റ് ഇല്ല. ലിസ്റ്റ് ക്യാൻസൽ ചെയ്തു. പുതിയ ലിസ്റ്റ് തയ്യാറാക്കുന്നുണ്ട്. അത് വരുമ്പോൾ സംസാരിച്ചാൽമതി. ഇപ്പോൾ ഇതിന് യാതൊരു പ്രസക്തിയുമില്ല. ആ ലിസ്റ്റ് ക്യാൻസൽ ചെയ്തിട്ട് ഇനിയും ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത് ശരിയല്ല. ഞാൻ പറയുവാൻ അനുവദിച്ചുവെന്നേയുള്ളൂ. അതൊന്നും പ്രസക്തമല്ല. പുതിയ ലിസ്റ്റ് ഉണ്ടാക്കുമ്പോൾ എന്തെങ്കിലും കുഴപ്പമുണ്ടെങ്കിൽ അപ്പോൾ പറയുവാൻ ഞാൻ അനുവദിക്കാം. നിലവിലില്ലാത്ത ലിസ്റ്റിനെക്കുറിച്ച് No...No...Nothing more. No further question...

(ii) ബഡ്ജറ്റിലെ വർഷാന്ത്യ കമ്മി സംബന്ധിച്ച്

ശ്രീ. ടി. കെ. ദേവകുമാർ: സർ, ബഹുമാനപ്പെട്ട ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ ഈ വർഷം വർഷാന്ത്യ കമ്മി പറഞ്ഞിരിക്കുന്നത്, 73.34 കോടി രൂപയാണ്. എന്നാൽ ഈ ബഡ്ജറ്റ് ചർച്ചയുടെ അവസാനത്തിൽ അദ്ദേഹം പുതിയ ധാരാളം പ്രഖ്യാപനങ്ങൾ നടത്തി. മണ്ണെണ്ണയ്ക്ക് 24.50 ശതമാനം നികുതി കുറച്ചു. കാർഷികാദായ നികുതിയുടെ പരിധി വർദ്ധിപ്പിച്ചു. അതുപോലെ പുതിയ ചില പ്രഖ്യാപനങ്ങൾ അദ്ദേഹം നടത്തി. അവസാനം ബഡ്ജറ്റിന്റെ കമ്മി എത്രയെന്ന് സഭയിൽ പറഞ്ഞിട്ടില്ല. ഈ സഭയ്ക്ക് അത് അറിയുവാനുള്ള ബാധ്യതയുണ്ട്.

മി. സ്പീക്കർ: അത് പറയും.

ശ്രീ. ടി. കെ. ദേവകുമാർ: ഈ സഭയെ അറിയിക്കുവാൻ ധനകാര്യ വകുപ്പുമന്ത്രി തയ്യാറാവണം. ഇപ്പോൾ ഉപധനാഭ്യർത്ഥന അവതരിപ്പിക്കുവാൻ പോവുകയാണ്. അതിനുമുമ്പ് 2004-05-ലെ ബഡ്ജറ്റിൽ യഥാർത്ഥ കമ്മി എത്രയെന്ന് സഭയെ അറിയിക്കുവാൻ അങ്ങ് സഭാനാഥൻ എന്ന നിലയിൽ ഇടപെടണം.

LIBRARY ARCHIVES Kerala Legislative Assembly